## വിവാഹം



**എ**റണാകുളം കുമാരനാശാൻ റോഡ് പുത്തൻപുരക്കൽ ഹോപ് അപ്പാർട്ട്മെന്റിൽ, ശ്രീ. മാത്തൻ വർഗീസിന്റെയും ശ്രീമതി ടെസ്സി മാത്തന്റെയും മകൾ **പ്രിയങ്ക മാത്തനും** കുമരകം തുണ്ടത്തിൽ ശ്രീ ദിലീപ് ജോണിന്റെയും ശ്രീമതി ആനി ദിലീപിന്റെയും മകൻ **ദീപു ജോണും** തമ്മിലുള്ള വിവാഹം 28.08.2017-ൽ കുമരകം ആറ്റാമംഗലം സെന്റ് ജോൺസ് യാക്കോബായ പള്ളിയിൽ നടന്നു.



**എ**റണാകുളം അയ്യപ്പൻകാവ് കുറ്റിക്കാട്ട് ശ്രീ. കെ.സി. ജോൺസണിന്റെയും ശ്രീമതി ജോയ്സ് ജോൺസണിന്റെയും മകൻ **ജോഷി ജോൺസണും** എറണാകുളം അയ്യപ്പൻകാവ് കൊല്ലന്നൂർ വീട്ടിൽ ശ്രീ സൈമൺ പോളിന്റെയും ശ്രീമതി ബിജി സൈമണിന്റെയും മകൾ **അൻജിത സൈമണും** തമ്മിലുള്ള വിവാഹം 21.08.2017-ൽ കത്തീഡ്രലിൽ നടന്നു.

**വൈ**റ്റില ജനതാ റോഡ് പുത്തൻവീട്ടിൽ ശ്രീ ജോൺ കോശിയുടെയും ശ്രീമതി സീന ജോണിന്റെയും മകൻ **കോശി ജോണും** വേൽപ്പാടം കോടു മുളയിൽ ശ്രീ. കെ.ജെ. തോമസിന്റെയും ശ്രീമതി ലതയുടെയും മകൾ **നിഖിത തോമസും** തമ്മിലുള്ള വിവാഹം 20.08.2017-ൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

**എ**റണാകുളം കലൂർ ദേശാഭിമാനി റോഡ് ശാലോം വീട്ടിൽ ശ്രീ സാംകുട്ടിയുടെയും ശ്രീമതി അനിത ബേബി സാമിന്റെയും മകൾ **വിനീത മേരി സാമും** അങ്കമാലി പുളിക്കായത്ത് ശ്രീ ജോയ് ചെറിയാന്റെയും ശ്രീമതി ഷേർലി ജോയിയുടെയും മകൻ **അരവിന്ദ് ജി. ജോണും** തമ്മിലുള്ള വിവാഹം 28.08.2017-ൽ അങ്കമാലി സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## ഇടവക സന്ദർശനം



**ഇ**ടവക മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സുകൊണ്ട് 13.08.2017 ഞായറാഴ്ച ഇടവക സന്ദർശനം നടത്തുകയുണ്ടായി. ശനിയാഴ്ച സന്ധ്യാനമസ്ക്കാരം നടത്തുകയും ഞായറാഴ്ച വി. കുർബാന അർപ്പിച്ചതിനു ശേഷം ഇടവകയിലെ എല്ലാ അദ്ധ്യാത്മിക സംഘടനകളുടേയും മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് വൈകിട്ട് ശ്രീ. കെ.യു. ജെയ്ക്കബ്ബിന്റെ(കിഴക്കേയറ്റത്ത്) വീട്ടിൽ നടന്ന പ്രാർത്ഥനാ യോഗത്തിലും തിരുമേനി സന്ദർശിച്ച് സന്ദേശം നൽകുകയുണ്ടായി.
ഓഗസ്റ്റ് 27-ാം തീയതി ശ്രീ. ഡാനിയേൽ ഉമ്മന്റെ വീട്ടിൽ നടത്തിയ പ്രാർത്ഥനാ യോഗത്തിലും വന്ദ്യ. തിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

## സൺഡേ സ്കൂൾ സഹപാഠ്യ മത്സരം

**സ**ൺഡേ സ്കൂൾ ഡിസ്ട്രിക്ട് സഹപാഠ്യ മത്സരം സെപ്റ്റംബർ 16 ശനിയാഴ്ച 9.30ന് പടമുകൾ സെന്റ്. ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഇംഗ്ലീഷ് വി. കുർബ്ബാന**

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഇംഗ്ലീഷ് വി. കുർബ്ബാന, വൈകുന്നേരം 5.30 ന്**

## മർത്തമറിയം വനിതാ സമാജം
## വനിതാദിനം



**സ**ഭയുടെ ആഹ്വാന പ്രകാരം മർത്തമറിയം വനിതാസമാജത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 4, 2017 വനിതാ ദിനമായി കൊണ്ടാടി. അന്നേദിവസം പള്ളി ഹാളിൽ, ബഹു. വികാരി ജിജു വർഗ്ഗീസച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീമതി. ഷീബ വർഗ്ഗീസ് മുഖ്യ പ്രഭാഷകയായിരുന്നു. മർത്തമറിയം സമാജാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.



**ക്രിസ്റ്റീന മറിയം ചാക്കോ**

**എം**.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. സൈക്കോളജിയിൽ രണ്ടാം റാങ്കോടെ ഉന്നത വിജയം കരസ്ഥമാക്കി. ക്രിസ്റ്റീന നമ്മുടെ ഇടവകാംഗമായ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും ശ്രീമതി. മറിയാമ്മ ചാക്കോയുടെയും പുത്രിയാണ്.




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 09 SEPTEMBER 2017



**ഏവർക്കും പാരിഷ് ന്യൂസിന്റെ ഓണാശംസകൾ**

### എഡിറ്റോറിയൽ

# അടിപതറാത്ത വിശ്വാസം

**ഇ**ംഗ്ലണ്ടിലെ പ്രസിദ്ധ വാഗ്മികളിലൊരാളായിരുന്നു ഫാ. ബർണ്ണാഡ്വോൺ. അദ്ദേഹത്തിന്റെ ഒരു സഹോദരൻ കർദ്ദിനാളായി. മറ്റൊരു സഹോദരൻ മെത്രാനും. ഒരിക്കൽ ഒരു സുഖവാസകേന്ദ്രത്തിൽ വച്ച് അദ്ദേഹം ഒരു ധ്യാന പ്രസംഗ പരമ്പര നടത്തുകയായിരുന്നു. ആ അവസരത്തിൽ ഇംഗ്ലണ്ടിലെ രാജാവായ എഡ്വേർഡ് ഏഴാമൻ സുഖവാസത്തിനായി അവിടെ എത്തുകയുണ്ടായി. വോണിന്റെ പ്രസംഗം വിശ്രുതമായിരുന്നതിനാൽ രാജാവിന് അതൊന്ന് കേട്ടാൽ കൊള്ളാമെന്നൊരാഗ്രഹം. എന്നാൽ രാജാവ് പ്രസംഗം കേൾക്കാനായി വന്നിരിക്കുന്നുവെന്നറിഞ്ഞ് പ്രസംഗകൻ പരിഭ്രമിക്കുമോ എന്നു സംശയം തോന്നി, രാജാവ് ഒരു കുറിപ്പ് തയ്യാറാക്കി കൊടുത്തയച്ചു. ഫാ. ബെർണ്ണാർഡ് വോൺ അതിന് നൽകിയ മറുപടി അവിസ്മരണീയമായി. അങ്ങയുടെ സംശയം അടിസ്ഥാനരഹിതമാണെന്നാണ് എനിക്ക് തോന്നുന്നത്. രാജാധിരാജനായ ക്രിസ്തുനാഥന്റെ സന്നിധിയിൽ ധാരാളം പ്രസംഗിച്ച് പരിചയമുള്ള ഈയുള്ളവന് കേവലം ഒരു രാജാവുമാത്രമായ അങ്ങയുടെ മുൻപിൽ അല്പംപോലും പരിഭ്രമത്തിന് കാരണം കാണുന്നില്ല.
ഫാ. വോണിനെപ്പോലെ, ഒരു രാജാവിന് മറുപടി നൽകാൻ ആർക്കുകഴിയും? ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസമാണ് അങ്ങിനെയെഴുതാൻ അദ്ദേഹത്തിന് ധൈര്യം നൽകിയത്. അടിപതറാത്ത വിശ്വാസമുള്ളവർക്ക് ആരെയും ഭയപ്പെടേണ്ടതില്ല. ഏതുപ്രതിസന്ധികളിലും അവർക്ക് ദൈവം അദൃശ്യമായ കൈനീട്ടിക്കൊടുത്തുകൊണ്ടിരിക്കും.
യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഭൂരിപക്ഷവും ക്രിസ്തീയ കൂട്ടായ്മയ്ക്കായി ജീവൻ നൽകിയവരാണ്. അവരിൽ ആരുംതന്നെ ഭയപ്പെട്ട് പിൻതിരിഞ്ഞുപോയില്ല. സഭയുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടിരുന്ന ആ കാലത്ത് യേശുവിന്റെ ശിഷ്യന്മാർ അവരുടെ ഗുരുവിന്റെ ആഗ്രഹപ്രകാരം തന്നെ യേശുക്രിസ്തുവിന്റെ കാലശേഷവും പ്രവർത്തിച്ചതിന് ഒരു കാരണം മാത്രമേ ഉണ്ടായിരുന്നുള്ളു. അതായിരുന്നു അവരുടെ "വിശ്വാസം".
വിശ്വാസത്തെ തള്ളിപ്പറയുന്നവർ ഒരുകാര്യം ശ്രദ്ധിച്ചാൽകൊള്ളാം. അടുത്ത നിമിഷത്തിൽ എന്ത് സംഭവിക്കുമെന്ന് നിശ്ചയമില്ലാത്ത മനുഷ്യർ ഭാവിയിലേക്കുള്ള ഓരോ നിമിഷവും വിഭാവനം ചെയ്യുന്നത് അവരുടെ 'വിശ്വാസ'ത്തിന്റെ പേരിൽ മാത്രമല്ലെ? ഓരോരുത്തരുടെയും ജീവിതം എന്നുവരെയെന്ന്

*(ശേഷം 2-ാം പേജിൽ)*

### ഇടയ ലേഖനം

# കോപിക്കാത്ത ബാലശിക്ഷ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



"**ബ**ാലനു ശിക്ഷകൊടുക്കാതിരിക്കരുത്, വടി കൊണ്ടടിച്ചാൽ, അവൻ ചത്തുപോകുകയില്ല" സമൂഹജീവിതസരണിയിൽ ഉപദേശസഹായം (Counselling) പ്രായോഗിക രൂപത്തിൽ നൽകുന്ന സദൃശ്യ വാക്യങ്ങളിലൊന്നാണിത് (സദൃ: 23:13). വളർന്നു, മുതിർന്നുവരുന്ന തലമുറയെപ്പറ്റി ആശങ്കപ്പെടുന്ന രക്ഷിതാക്കളും സമൂഹങ്ങളും ഇന്നത്തെ ലോകത്ത് സർവ്വസാധാരണമാണ്. Blue Whale എന്ന കാർട്ടൂൺ കളി, തീക്കളിയാണെന്ന് തെളിഞ്ഞിരിക്കുന്നു. കോടിക്കണക്കിനാളുകളെ, സ്വന്ത മാസ്മരവലയത്തിൽ നിർത്തി താണ്ഡവമാടുന്ന ആൾ ദൈവങ്ങൾ (Godmen) മാനവരാശിക്കു മുഴുവൻ ദുർമ്മാതൃകയാകുന്ന ഭയങ്കര രംഗങ്ങളാണ് നമ്മുടെ കൺമുമ്പിൽ. നമ്മുടെ കുട്ടികളുടെ ലോകം എന്നത്തെയും പോലെ നന്മതിന്മ സമ്മിശ്രമാണ്, നന്മയുടെ പുറംചട്ടയണിഞ്ഞ തിന്മയാണ് ഏറെ എന്നുമാത്രം. നന്മയും തിന്മയും തിരിച്ചറിയാനാവാതെ, അവയെക്കുറിച്ച് കേവലം "അറിവ്" മാത്രം തേടിയതാണ് മനുഷ്യന്റെ "വീഴ്ച"യുടെ കഥ. അത് ഇന്നും തുടരുന്നു.
വി. പൗലോസ് കുടുംബ പശ്ചാത്തലത്തിലെ 'ബാലശിക്ഷ' എന്ന വിഷയം പണ്ഡിതോചിതമായും മന:ശാസ്ത്രപരമായും കൈകാര്യം ചെയ്തിട്ടുണ്ട്. (എഫേ. 6:4) അവിടെ 'ശിക്ഷ' സംഗതമാണ്. "ശിക്ഷണത്തിലേക്ക് നയിക്കുന്ന അഭ്യസനമാണ് ശിക്ഷ". ഭാരതീയ ഭാഷകളിൽ 'ശിക്ഷ' എന്നതിന് 'പഠനം' എന്നുകൂടെ അർത്ഥമുണ്ടെന്നറിയുക. വിദ്യഭ്യാസപ്രണാളിയിൽ, വാക്കുകളും, ആദേശങ്ങളും, സ്നേഹം, മാതൃകയും സംവേദതങ്ങളുമെല്ലാം നിർണ്ണായകമാണ്. കാച്ചിക്കുറുക്കിയതുപോലെയുള്ള നിർദ്ദേശമാണ് വി. പൗലോസ് നൽകിയിരിക്കുന്നത്. "മക്കളെ കോപിപ്പിക്കാതെ, കർത്താവിന്റെ ബാലശിക്ഷയിലും, പഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ".
പഠിതാവിന് കോപവും ദു:ഖവും നിരാശ്ശയുമുണ്ടായാൽ അതു പഠനത്തെ സാരമായി ബാധിക്കും. എന്തിനാണ് ശിക്ഷ (Punishment) എന്നറിഞ്ഞില്ലെങ്കിലോ, ചെയ്ത തെറ്റിന് നിരക്കുന്നതിലധികമാണ് ശിക്ഷ എന്ന് തോന്നിയാലോ, ശിക്ഷ നിഷ്ഫലമാകും. ശിക്ഷയിലുമുണ്ട് സ്നേഹത്തിന്റെ ആത്മാവ്.

*(ശേഷം 2-ാം പേജിൽ)*



## വികാരിയുടെ കത്ത്

# "Many are called but few are chosen"

Matt 22:14

*Fr. Paul George*



Many people hear the call of God which comes through His revelation of Himself through two things—the creation and the conscience within us. But only the "few" will respond because they are the ones who are truly hearing. Jesus said many times, "He who has ears to hear, let him hear" (Matthew 11:15; Mark 4:9; Luke 8:8, 14:35). The point is that everyone has ears, but only a few are listening and responding. Not everyone who hears the gospel receives it but only the "few" who have ears to hear. The "many" hear, but there is no interest or there is outright antagonism towards God. Many are called or invited into the kingdom, but none are able to come on their own. God must draw the hearts of those who come; otherwise they will not (John 6:44). Second Corinthians 5:17 says, *"Therefore, if anyone is in Christ, he is a new creation; the old has gone, the new has come."* God creates life, grants repentance and gives faith. Man is totally unable by himself to do these things which are necessary to enter the kingdom of heaven.

Ephesians 1:4-6: *"For he chose us in him before the creation of the world to be holy and blameless in his sight. In love he predestined us to be adopted as his sons through Jesus Christ, in accordance with his pleasure and will—to the praise of his glorious grace, which he has freely given us in the One he loves."*

Salvation is by God's will. John 6:37-39, 44-45: "All that the Father gives me will come to me, and whoever comes to me I will never drive away. For I have come down from heaven not to do my will but to do the will of him who sent me. And this is the will of him who sent me that I shall lose none of all that he has given me, but raise them up at the last day. No one can come to me unless the Father who sent me draws him, and I will raise him up at the last day. It is written in the Prophets: 'They will all be taught by God.' Everyone who listens to the Father and learns from him comes to me."

So, all of God's "chosen" will be saved without exception; they will hear and respond because they have spiritual ears to hear the truth. God's power makes this certain. Romans 8:28-30: "And we know that in all things God works for the good of those who love him, who has been called according to his purpose. For those God foreknew (loved) he also predestined to be conformed to the likeness of his Son, that he might be the firstborn among many brothers. And those he predestined, he also called; those he called, he also justified; those he justified, he also glorified."

How do we know if we are among the few that have ears to hear? By responding to the call. Assurance of this certain call, this chosen call, is from the Holy Spirit. Consider Philippians 1:6, which says, *"Being confident of this, that he who began a good work in you will carry it on to completion until the day of Christ Jesus." "Therefore, my dear friends, as you have always obeyed—not only in my presence, but now much more in my absence—continue to work out your salvation with fear and trembling, for it is God who works in you to will and to act according to his good purpose"* (Philippians 2:12-13.) If we listen with our spiritual ears and respond to the invitation, there will be fear and trembling in our souls as we recognize that it was God's work in us that caused our salvation. ■

*(എഡിറ്റോറിയൽ തുടർച്ച)*

ആർക്കും നിശ്ചയിക്കാൻ കഴിയുകയില്ലല്ലോ. എങ്കിലും നാം ചിന്തിച്ചുകൂട്ടുന്ന ഭാവി പരിപാടികളെല്ലാം 'വിശ്വാസ'ത്തിന്റെ പേരിലല്ലേ? യാതൊരു അടിസ്ഥാനവുമില്ലാതെ ഭാവിയെക്കുറിച്ച് പൂർണ്ണ വിശ്വാസത്തോടെ നീങ്ങുന്ന നാം, കണ്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതുമായ ദൈവാനുഗ്രഹങ്ങൾ എന്തുകൊണ്ടാണ് ഓർക്കുവാൻ പലപ്പോഴും ശ്രമിക്കാത്തത്? വിശ്വാസിക്ക് പ്രതിസന്ധികൾ ഉണ്ടാവുകയില്ലെന്ന് വിചാരിക്കരുത്. പ്രതിസന്ധികളിൽ നിന്നെല്ലാം കരകയറ്റുവാൻ പൂർണ്ണമായി ദൈവത്തിലുള്ള വിശ്വാസത്തിന് കഴിയും. അവസാന നിമിഷം അത്രയും നാൾ കൂടെനിന്ന ഭാര്യവരെ കൈവിട്ടപ്പോഴും (ഇയ്യോ:2:9) ദൈവത്തിലുള്ള ആശ്രയവും, വിശ്വാസവും കാത്തുസൂക്ഷിച്ച ഇയ്യോബിന്റെ ജീവിതം ക്രൈസ്തവർക്ക് പാഠമായിതീരണം. ജീവിതാവസാനംവരെ ദൈവത്തിലുള്ള വിശ്വാസം തുടരുവാൻ ദൈവവചനങ്ങൾ നമുക്ക് കൂട്ടായിരിക്കും. ■

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Sep. 10 - 07.00 am, Sep. 17 - 10.00 am, Sep. 24 - 07.00 am, Oct. 01 - 10.00 am, |
| സെമിത്തേരിമുക്ക് ചാപ്പൽ: | Sep. 17 - 07.30 am, Oct. 01 - 7.30 am |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

*(ഇടയലേഖനം തുടർച്ച)*

'കർത്താവിന്റെ ബാലശിക്ഷ' എന്നത് ശ്രദ്ധിക്കപ്പെടണം. ദൈവം തന്റെ മക്കളെ എങ്ങനെ 'ശിക്ഷണ'ത്തിൽ വളർത്തുന്നുവോ, അതുമാത്രമാണ് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മാതൃക. അതിൽ പഥ്യമായ ഉപദേശങ്ങളും, പോറ്റി വളർത്തലും അനിവാര്യമാണ്. ഭക്ഷണം, വസ്ത്രം, സ്നേഹം, സുരക്ഷ, സ്വാതന്ത്ര്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന പ്രവർത്തിയാണ് "പോറ്റിവളർത്തൽ".
ഇന്നത്തെ കുട്ടികൾക്കും ഇതുതന്നെയാണ് വേണ്ടത്. നല്ല മാതൃകകളും, ന്യായമായ സ്വാതന്ത്ര്യവും, സ്നേഹവും, അംഗീകാരവും, ശിക്ഷണവും അവർ ആഗ്രഹിക്കുന്നു എന്നതാണ് വാസ്തവം. "പുതിയ തലമുറ കൈവിട്ടുപോയി" എന്നു വിലപിച്ച് ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ല. "കർത്താവിൽ നിന്നാ"ണ്, ബാല ശിക്ഷയുടെയും, പോറ്റിവളർത്തലിന്റെയും പാഠങ്ങൾ നമ്മൾ പഠിക്കേണ്ടത്. രക്ഷിതാക്കളുടെ ഉദ്യോഗം, 'രക്ഷിക്കുക' എന്നതാണല്ലോ! ■





## ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ





ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ഓഗസ്റ്റ് 14, 15 തീയതികളിൽ കൊണ്ടാടി. 14-ാം തീയതി സന്ധ്യാ നമസ്ക്കാരത്തിനുശേഷം ഫാ. എം. പി. ജോർജ്ജിന്റെ പ്രസംഗം ഉണ്ടായിരുന്നു. 15-ാം തീയതി രാവിലെ റവ. ഡോ. എം.പി. ജോർജ്ജച്ചന്റെ കുർബാനയ്ക്കുശേഷം മെശ്തൂസോ സംഗീത പരിപാടിയുടെ സി.ഡി. വിതരണ ഉദ്ഘാടനം ജോർജ്ജച്ചൻ മലങ്കരസഭ അൽമായ ട്രസ്റ്റി ശ്രീ. ജോർജ്ജ് പോളിന് നൽകി നിർവ്വഹിച്ചു. കുർബ്ബാന കഴിഞ്ഞ് റാസയും, പ്രഭാത ഭക്ഷണവുമുണ്ടായിരുന്നു.

### പുസ്തക പ്രകാശനം.



അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി രചിച്ച "ഉദയനാദം സങ്കീർത്തന ചിന്തകൾ വാല്യം-2" എന്ന പുസ്തകത്തിന്റെ പ്രകാശനം, മലങ്കരസഭ അൽമായ ട്രസ്റ്റി ശ്രീ. ജോർജ്ജ് പോൾ, G.S.T. അഡീഷണൽ കമ്മീഷണർ Dr. Tiju IRSന് നൽകി നിർവ്വഹിക്കുന്നു.

## ഇടവക ധ്യാനം

ആഗസ്റ്റ് 12-ാം തീയതി ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ധ്യാനയോഗം, വെട്ടിക്കൽ ദയറാ മാനേജർ ഫാ. വിനോദ് ജോർജ്ജ് നയിച്ചു. ഇത് ഇടവകാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് വളരെ സഹായകരമായിരുന്നു.
ഈ മാസത്തെ ഇടവക ധ്യാനം സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 12.30 വരെ കത്തീഡ്രലിൽ നടക്കും. ധ്യാനത്തിന് ഫാ. മത്തായി O.I.C. (സുപ്പീരിയർ ബഥനി ആശ്രമം) നേതൃത്വം നൽകും.

## പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 03-09-2017 - 4 pm | St. Marys Unit (Central Area) 10-09-2017 - 4 pm | St. Thomas Unit (North-Pachalam Area) 17-09-2017 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 24-09-2017-4 pm |
|---|---|---|---|
| ശ്രീ. **ജെയ്ക്കബ് കുര്യൻ** | ശ്രീ. **ഫിലിപ്പ് കെ.സി.** | ശ്രീമതി. **തങ്കമ്മ സി.ഐ.** | ശ്രീമതി. **പാവന** |
| മരിയ ഭവൻ, FMRA-117 | തയ്യിൽ കണ്ടത്തിൽ, | പുളിക്കോട്ട് ഹൗസ്, പച്ചാളം | No.1, കുമാരനാശാൻ നഗർ, |
| ഫാ. മാനുവൽ റോഡ്, കത്രിക്കടവ് | പടമുകൾ, കാക്കനാട് | | കടവന്ത്ര |
| Ph: 2343876, Mob: 9846059929 | Ph: 2422209, Mob: 9846052588 | Mob: 9447608137 | Ph: 2204653, Mob: 9895495653 |

## സ്നേഹനിധി സ്കോളർഷിപ്പ് വിതരണം - ഓഗസ്റ്റ് 27







ഭാഗ്യസ്മരണാർഹനായ അഭി.ജോസഫ് മാർ പക്കോമിയോസ് തിരുമേനിയോടുള്ള ആദര സൂചകമായി സമാരംഭിച്ച സ്നേഹനിധി 8-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഓരോ വർഷവും വളർന്നുകൊണ്ടിരിക്കുന്ന ഈ സംരംഭം ഇത്തവണയും ഭംഗിയായി കത്തീഡ്രലിൽ ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി. വികാരി ബിജു വർഗീസ് അച്ചന്റെ സ്വാഗതപ്രസംഗത്തോടുകൂടി ആരംഭിച്ച സമ്മേളനത്തിൽ സ്നേഹനിധി പ്രസിഡന്റ് ഡോ. പൗലോസ് ജെയ്ക്കബ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി ഉദ്ഘാടനവും, വെ. റവ. പി.യു. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ അനുസ്മരണ സന്ദേശവും നൽകി. സഹായം ലഭിച്ചവർ എല്ലാവരും തന്നെ തിരുമേനിയുടെ കൈയ്യിൽ നിന്ന് നേരിട്ട് ചെക്കുകൾ കൈപ്പറ്റി. ട്രസ്റ്റി ശ്രീ. ചെറിയാൻ കോരയുടെ നന്ദി പ്രകാശനത്തോടെ സമ്മേളനം അവസാനിച്ചു.
സ്കോളർഷിപ്പിനുള്ള മുഴുവൻ തുകയും കത്തീഡ്രൽ അംഗങ്ങൾ തന്നെ സംഭാവന നൽകുന്നു. ഇതിനായി എല്ലാ വർഷവും തുടർച്ചയായി സഹായം നൽകുന്നവരുമുണ്ട്. അർഹരായ വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അവർക്ക് ഫീസിനായി നൽകുന്ന ഈ സ്കോളർഷിപ്പ് കാത്തിരിക്കുന്നവരുടെ പ്രാർത്ഥന ഈ സംരംഭത്തിലേക്ക് സംഭാവന ചെയ്യുന്നവർക്കും, ഇത് നടത്തിക്കൊണ്ട് പോകുന്ന കത്തീഡ്രലിനും എന്നുമുണ്ടാകും. ഇടവകാംഗങ്ങൾ ആർക്കെങ്കിലും സ്നേഹനിധിയിലേക്ക് സംഭാവന ചെയ്യണമെങ്കിൽ സ്നേഹനിധിയുടെ പേരിൽ ചെക്കായോ, പണമായോ കത്തീഡ്രൽ ഓഫീസിൽ ഏൽപ്പിക്കാവുന്നതാണ്.

## വിശേഷ ദിവസങ്ങൾ

സെപ്റ്റംബർ

| | |
|---|---|
| 08 വെള്ളി | വി. ദൈവമാതാവിന്റെ ജനന പെരുന്നാൾ (എട്ട് നോമ്പ് വീടൽ) |
| 14 വ്യാഴം | സ്ലീബാ പെരുന്നാൾ |

## നിര്യാതരായി



എറണാകുളം പുത്തൻപുരയ്ക്കൽ പ്രഭാത് ഡോ. പി.കെ. റോയ് (78) 17.08.2017-ൽ നിര്യാതനായി. 18.08.2017-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



വാഴക്കാല മൊറാർജി ക്രോസ് റോഡ്, മണലിൽ ബംഗ്ലാവിൽ അച്ചാമ്മ കോശി (90) 29.08.2017-ൽ നിര്യാതയായി. 30.08.2017-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



എറണാകുളം പച്ചാളം പൊറത്തൂർ ശ്രീ ജോയ് ജോസഫിന്റെ മാതാവ് ഡെയിസി ഇട്ടൂപ്പ് (77) 15.08.2017-ൽ നിര്യാതയായി. 16.08.2017-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*